(2) ചാലക്കുടി നിയോജകമണ്ഡലത്തിൽ ഓണാഘോഷത്തോടനുബന്ധിച്ച് നടത്താനുദ്ദേശിക്കുന്ന അതിരപ്പിള്ളി ഫെസ്റ്റിവൽ

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ: സർ, അങ്ങയുടെ നേതൃത്വത്തിൽ നിയമ സഭാസാമാജികരെ. അതിരപ്പിള്ളിയിലേക്ക് ക്ഷണിച്ചുകൊള്ളുന്നു. തൊട്ടപ്പുറത്തുള്ള നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ പശ്ചാത്തല സൗകര്യം പ്രയോജ
10.00 A. M.] നപ്പെടുത്തിക്കൊണ്ട് വിദേശ ടൂറിസ്റ്റുകളെ ഉൾപ്പെടെ അതിരപ്പിള്ളിയിലേക്ക് പ്രവേശിപ്പിക്കുവാൻ നാം വിചാരിച്ചാൽ കഴിയും. തദ്ദേശ ടൂറിസത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ട് പ്രകൃതിദത്തമായ ഈ പൈതൃകത്തെ ഭാവിതലമുറയ്ക്കു വേണ്ടി നമുക്ക് സംരക്ഷിക്കണം. വെള്ളച്ചാട്ടത്തിന്റെ അകൃത്രിമ സൗന്ദര്യം രാത്രിയും കാണാൻ കഴിയുന്ന വിധത്തിലുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് അവിടുത്തെ തദ്ദേശവാസികളായ കാടൻ, മലവർ, മുതുവർ ഉൾപ്പെടെയുള്ളവരുടെ കലാപ്രകടനങ്ങളും, സാംസ്കാരിക പൈതൃക ഘോഷയാത്രകളും വന വിഭവങ്ങൾ, ഔഷധ സസ്യങ്ങൾ തുടങ്ങിയവയുടെ പ്രദർശനവും വിൽപ്പനയും കുടുംബശ്രീയുടേയും അയൽക്കൂട്ടങ്ങളുടേയും സഹായത്തോടുകൂടി നാട്ടു ഭക്ഷണശാലകളുടേയും നാടൻ ഔഷധശാലകളുടേയും പ്രവർത്തനവുമെല്ലാം സർക്കാരിന്റെ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കുന്ന ഒരു പ്രോജക്ട് ടൂറിസം വകുപ്പിനു മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ ത്വരിത നടപടികൾക്ക് അങ്ങയിലൂടെ ടൂറിസം വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫസർ കെ. വി. തോമസ്): സർ, ബഹുമാനപ്പെട്ട മെമ്പർ 27 ലക്ഷം രൂപയുടെ ബൃഹത്തായ ഒരു പ്രോജക്ടാണ് നൽകിയിട്ടുള്ളത്. മൊത്തം 15 ലക്ഷം രൂപ മാത്രമാണ് ഓണക്കാലത്തേയ്ക്ക് ഗവൺമെന്റ് നൽകിയിട്ടുള്ളത്. തീർച്ചയായും ടീച്ചറുടെ ഇതിലുള്ള താൽപ്പര്യം പരിഗണിച്ച് ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പരസ്യവും മറ്റ് സഹായങ്ങളും നൽകുന്നതാണ്.

(3) കൈത്തറി വ്യവസായ മേഖലയിലെ പ്രതിസന്ധി

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കൈത്തറി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം ആവശ്യപ്പെട്ടുകൊണ്ട് കൈത്തറിത്തൊഴിലാളി സംഘങ്ങളും കൈത്തറി സഹകരണ സംഘങ്ങളും അടങ്ങുന്ന കൈത്തറി നെയ്ത്ത് വ്യവസായ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ യൂണിയനുകളുടെ നേതാക്കളും ഭരണസമിതി അംഗങ്ങളും ഇന്ന് സെക്രട്ടേറിയറ്റ് മാർച്ചും ഉപവാസവും നടത്തുകയാണ്. 2002 മുതൽ പ്രാഥമിക സംഘങ്ങൾക്ക് നൽകി വന്നിരുന്ന റിബേറ്റ് ഗണ്യമായി വെട്ടിക്കുറച്ചതിനെതുടർന്ന് 50 കോടിയിൽപ്പരം രൂപയുടെ തുണിത്തരങ്ങൾ കെട്ടിക്കിടക്കുകയാണ്. കേന്ദ്ര സഹായംകൂടി ഉപയോഗപ്പെടുത്തി 20 ശതമാനം റിബേറ്റ് നൽകി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള നടപടി സ്വീകരിക്കണം. നൂൽ യഥാസമയം പ്രാഥമിക സംഘങ്ങൾക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കണം. നൂൽ സബ്സിഡി കുടിശ്ശിക ഉടനെ വിതരണം ചെയ്യണം. പ്രാഥമിക സംഘങ്ങൾക്ക് ഹാന്റക്സ് നൽകാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

22 കോടി രൂപയ്ക്ക് തുല്യമായ തുക ഗവൺമെന്റ് ഹാന്റ്ക്സിന് നൽകുകയും ഹാന്റ്ക്സിന് നബാർഡ് നൽകുന്ന വായ്പയ്ക്ക് സർക്കാർ ഗ്യാരന്റി നൽകുകയും കൊല്ലം-കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലുകൾ നവീകരിക്കുന്നതിന് ആവശ്യമായ തുക അടിയന്തിരമായി നൽകുകയും ചെയ്യണം. 20 മാസത്തെ പെൻഷൻ കുടിശ്ശിക ഓണത്തിനു മുമ്പ് നൽകണം. ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച നടത്തി ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ട നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇതിൽ മുഴുവൻ ആവശ്യങ്ങളും പറഞ്ഞിട്ടുണ്ട്. മെമ്മോറാണ്ടം വാങ്ങി ചർച്ച നടത്താം. ഓരോ വിഷയത്തെ സംബന്ധിച്ചും വിശദമായി ചർച്ച ചെയ്യാം.

(4) മനുഷ്യ വിഭവശേഷി മന്ത്രാലയവുമായി ബന്ധപ്പെട്ട് കേരളത്തിൽത്തന്നെ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിനുള്ള സൗകര്യം

ശ്രീ. വി. ഡി. സതീശൻ: സർ, യു. എ. ഇ. യിലെ വിസ നിയമങ്ങൾ കർശനമാക്കിയതിന്റെ ഭാഗമായി എസ്. എസ്. എൽ. സി. ബുക്ക് ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകൾ ഡൽഹിയിൽ മനുഷ്യവിഭവശേഷി മന്ത്രാലയത്തിൽ നേരിട്ടുപോയി അറ്റസ്റ്റ് ചെയ്യണമെന്ന പുതിയ നിബന്ധന ഗൾഫിലേക്ക് ജോലി തേടി പോകുന്ന പതിനായിരക്കണക്കായ ഉദ്യോഗാർത്ഥികൾക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കിയിരിക്കുകയാണ്. അവിടെ രണ്ടര മണിക്കൂർ മാത്രമാണ് ഒരു ദിവസം അറ്റസ്റ്റ് ചെയ്ത് കൊടുക്കുന്നത്. ഇപ്പോൾ മൂന്ന് അറ്റസ്റ്റ് സ്റ്റേഷൻ ആവശ്യമുണ്ട്. അതിനു പുറമേയാണിത്. ഒന്നുകിൽ യു. എ. ഇ. സർക്കാരുമായി ബന്ധപ്പെട്ട് ഈ നിബന്ധന പിൻവലിക്കണം. അല്ലെങ്കിൽ മനുഷ്യവിഭവശേഷി മന്ത്രാലയത്തിന്റെ കൊച്ചിയിലോ തിരുവനന്തപുരത്തോ ഉള്ള ഏതെങ്കിലും ഓഫീസിൽ കേരളത്തിലെ ഉദ്യോഗാർത്ഥികൾക്ക് ഇത് അറ്റസ്റ്റ് ചെയ്യാൻ സൗകര്യമുണ്ടാക്കി കൊടുക്കുവാൻ ബഹുമാനപ്പെട്ട സർക്കാരിന്റെ ഭാഗത്ത് നിന്ന് ശ്രമം ഉണ്ടാകണം.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നേരത്തെ പ്രൊഫഷണൽ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾ മാത്രമാണ് അറ്റസ്റ്റ് ചെയ്യേണ്ടിയിരുന്നത്. നമ്മുടെ ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ അറ്റസ്റ്റേഷൻ, വിദേശ മന്ത്രാലയത്തിന്റെ അറ്റസ്റ്റേഷൻ, അതിനുശേഷമാണ് യു. എ. ഇ. യുടെ എംബസി അറ്റസ്റ്റ് ചെയ്യേണ്ടത്. എസ്. എസ്. എൽ. സി. പുസ്തകം കൂടി അറ്റസ്റ്റ് ചെയ്യുന്ന നിബന്ധന ഏർപ്പെടുത്തിയശേഷമാണ് ഈ ബുദ്ധിമുട്ടുണ്ടായിരിക്കുന്നത്. കേന്ദ്ര മാനവവിഭവശേഷി വകുപ്പിനോടും വിദേശകാര്യ മന്ത്രിയോടും ഇത് സംബന്ധിച്ച് കേരള ഗവൺമെന്റിന്റെ റിക്വസ്റ്റ് അയയ്ക്കുന്നുണ്ട്. കേരളത്തിൽ അതിന് സംവിധാനം ഉണ്ടാക്കണമെന്ന് കേരള ഗവൺമെന്റ് അഭ്യർത്ഥിക്കുന്നതാണ്. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉടനടി ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly